അയച്ചുകൊടുത്തിട്ടുണ്ട്. പെൻഷൻ പേപ്പർ തയ്യാറാക്കുന്നതിനുവേണ്ടി പെൻഷൻ ബുക്കുകൾ വാങ്ങി സമർപ്പിക്കുവാൻ അപേക്ഷകയ്ക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ വിഷയം തീർപ്പാക്കുന്നതിൽ ഭരണപരമായോ സാങ്കേതികമായോ യാതൊരു തടസ്സവുമില്ല. പ്രസ്തുത നിവേദത്തിന്മേൽ ഇപ്പോൾ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലെ എ1 387/15 എന്ന നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിൽ ഇതുസംബന്ധിച്ച രേഖകളൊന്നും ലഭിച്ചിട്ടില്ല.

ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി വൈകൽ

131 (2340) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിന് ആദ്യം ഭരണാനുമതി നൽകിയ തുക എത്രയാണെന്നും രണ്ടാമത് പുതുക്കിയ ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) സാങ്കേതികാനുമതി നൽകാൻ വലിയ കാലതാമസമെടുത്തതുകാരണം വീണ്ടും പുതുക്കിയ നിരക്കിൽ തുക വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകില്ലേ യെന്നതു സംബന്ധിച്ചു വിശദീകരണം നല്കുമോ ;

(ഇ) ഇപ്രകാരം അകാരണമായ കാലതാമസം വരുത്തി പദ്ധതി തുക വർദ്ധിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് കാലതാമസം വരുത്തുന്നതിനുമുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) പൈങ്കുളം തടയണ നിർമ്മാണത്തിന് 2-11-2009-ലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ 1226/2009/ജവിവ പ്രകാരം മലബാർ ഇറിഗേഷൻ പാക്കേജ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ഷെഡ്യൂൾ നിലവിൽ വന്നതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

26-2-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 219/2014/ജവിവ പ്രകാരം16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിക്കുകയുണ്ടായി. ഭരണാനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II എന്നിവയിൽ കാണാവുന്നതാണ്.

(ബി) സാങ്കേതികാനുമതി നൽകിയിട്ടില്ല. പുതുക്കിയ ഭരണാനുമതിയനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 20-5-2015-ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി രൂപകൽപ്പന പുനർനിർണ്ണയിക്കുന്നതിനാവശ്യമായ നിലവിലുള്ള പര്യവേഷണ വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെട്ടുകയും പുനർനിർണ്ണയിക്കുന്ന രൂപകൽപ്പന യനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആദ്യം ഭരണാനുമതി നൽകിയ തുക 10 കോടി രൂപയും പുതുക്കിയ ഭരണാനുമതി നൽകിയ തുക 16 കോടിയുമാണ്.

(ഡി) നിലവിൽ എസ്റ്റിമേറ്റ് തുക 12.25 കോടി രൂപയാണ്. പുനർനിർണ്ണയിക്കുന്ന രൂപകൽപ്പനയനുസരിച്ച് എസ്റ്റിമേറ്റ് തുക വർദ്ധിച്ചാലും ഭരണാനുമതി തുകയായ 16 കോടിക്കുള്ളിലായിരിക്കും.

(ഇ) 2-11-2009-ൽ മിർപ പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിക്കുമ്പോൾ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നില്ല. പര്യവേഷണം പൂർത്തീകരിച്ച റിപ്പോർട്ട് 24-6-2010-ന് ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും വിഭാഗത്തിന് സമർപ്പിച്ചിരുന്നു. 8-2-2011-ൽ ചീഫ് എഞ്ചിനീയറിൽനിന്ന് ഡിസൈനിന് അംഗീകാരം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26-2-2011-ൽ 9.50 കോടിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. ഇതിനുശേഷം 2011 SOR അനുസരിച്ച് 13 കോടി രൂപയും 2012 SOR പ്രകാരം 16 കോടി രൂപയും എസ്റ്റിമേറ്റ് പുതുക്കിയിരുന്നു. തുക ഉയർന്ന സാഹചര്യത്തിൽ 26-2-2014-ൽ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും 2014-ൽ DSR 2013-ഉം CPWD ഡാറ്റായും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ പ്രാബല്യത്തിൽ വരുത്തുകയും അതനുസരിച്ച് 19-7-2014-ൽ 16.00 കോടിരൂപയുടെ എസ്റ്റിമേറ്റ് വീണ്ടും പുതുക്കുകയും ചെയ്തു. എന്നാൽ 13-1-2015-ലെ ടി.എസ്. കമ്മിറ്റിയിൽ ഡിസൈൻ പുതുക്കുവാനാണ് നിർദ്ദേശമുണ്ടായത്. അതനുസരിച്ച് 23-2-2015-ൽ ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ ഡിസൈൻ പുതുക്കിത്തരികയും ആയതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly